അന്താരാഷ്ട്ര വികസന ഏജൻസി പദ്ധതികൾ

21 [*168] ശ്രീ. എം. എം. ഹസ്സൻ :
,, വി. ഡി. സതീശൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വിസ് ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ എന്ന അന്താരാഷ്ട്ര വികസന ഏജൻസി വിവിധ പദ്ധതികൾക്കുവേണ്ടി കേരളത്തിൽ മുതൽമുടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ; ഏതെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് കേരളത്തിൽ മുതൽമുടക്കുന്നത്;

(സി) ഈ ഏജൻസി ഇതുവരെ എന്തു തുക കേരളത്തിൽ മുതൽ മുടക്കിയിട്ടുണ്ട്;

(ഡി) അതിന്റെ ഗുണഭോക്താക്കൾ ആരാണെന്ന് പറയുമോ; ഈ ഏജൻസിയുടെ സഹായത്താൽ നടത്തുന്ന പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിക്കുമോ; ഇതു സംബന്ധിച്ച് 20-1-2005-ലെ പത്രവാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) വിവിധ പദ്ധതികൾക്കുവേണ്ടി ധനസഹായം നൽകുന്നുണ്ട്.

(ബി) 1963 മുതലാണ് സ്വിസ് ഏജൻസി ഫോർ ഡവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ (എസ്.ഡി.സി.) കേരളത്തിലെ വിവിധ പദ്ധതികൾക്കായി സഹായം നൽകുന്നത്.

(1) ഇൻഡോ-സ്വിസ് പ്രോജക്ട് ഫോർ ക്യാറ്റിൽ ബ്രീഡിംഗ് ആന്റ് പൗൾട്രി ഡവലപ്പ്മെന്റ് എന്ന പദ്ധതിക്കാണ് 1963-ൽ സഹായം ലഭ്യമാക്കി തുടങ്ങിയത്. മാട്ടുപ്പെട്ടിയിലാണ് ഇതിന്റെ ആസ്ഥാനം. ഏതാണ്ട് മുപ്പതു വർഷത്തോളം ഈ സഹായം ലഭ്യമായി. അതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ പീരുമേട്, ആലപ്പുഴ ജില്ലയിലെ മാവേലിക്കര, കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ, പാലക്കാട് ജില്ലയിലെ ധോണി എന്നിവിടങ്ങളിലെ ഫാമുകൾ ആരംഭിച്ചു പ്രവർത്തിപ്പിക്കുന്നതിനു സഹായം ലഭ്യമായി.

ഈ പദ്ധതിയുടെ തുടർച്ചയായി അനിമൽ ഹസ്ബന്ററി, ഡയറി ഡവലപ്പ്മെന്റ് വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ കേരളത്തിലുടനീളം നടത്തിയ കൃത്രിമ ബീജ സങ്കലന പരിപാടിക്കാവശ്യമായ ഫ്രോസൻ-സെമനും, കൃത്രിമ ബീജ സങ്കലന ഉപകരണങ്ങളും എസ്. ഡി. സി. ലഭ്യമാക്കി. കേന്ദ്ര ഗവൺമെന്റുമായുള്ള അന്താരാഷ്ട്ര കരാറിന്റെ അടിസ്ഥാനത്തിലായിരുന്നു പ്രോജക്ട്.

LIBRARY ARCHIVES Kerala Legislative Assembly

(2) 1988-ൽ ആരംഭിച്ച ഉത്തര കേരള ക്ഷീരപദ്ധതി (നോർത്ത് കേരള ഡയറി പ്രോജക്ട്), മലബാർ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയ (മിൽമ)നായിരുന്നു ഈ സഹായം. ഡയറി പ്ലാന്റുകൾ സ്ഥാപിക്കുക, ചില്ലിംഗ് പ്ലാന്റുകൾ സ്ഥാപിക്കുക, ആനന്ദ് മാതൃകയിലുള്ള പാൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക തുടങ്ങിയവയായിരുന്നു പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ. ഏതാണ്ട് പത്തുവർഷക്കാലം ഈ സഹായം ലഭ്യമായിരുന്നു. കേന്ദ്ര ഗവൺമെന്റുമായുള്ള അന്താരാഷ്ട്രകരാറിന്റെ അടിസ്ഥാനത്തിലായിരുന്നു പ്രോജക്ട്.

(3) 1999-ൽ ആരംഭിച്ച ക്യാപ് ഡെക്ക് പ്രോജക്ട് കേരളത്തിൽ നടന്നുവരുന്ന അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ കാര്യശേഷി വർദ്ധിപ്പിക്കുന്ന പരിപാടികൾക്കുള്ള സഹായമായാണ് ഇത് നിലവിൽ വന്നത്. പ്രോജക്ടിന്റെ ഒന്നാം ഘട്ടം 2003 മാർച്ചിൽ അവസാനിക്കുകയും രണ്ടാം ഘട്ടം 2003 ഒക്ടോബറിൽ ആരംഭിക്കുകയും ചെയ്തു. കേരള സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശഭരണ വകുപ്പിൻകീഴിലുള്ള സ്വയം ഭരണ സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ അഡ്മിനിസ്ട്രേഷൻ കേന്ദ്ര ഗവൺമെന്റിന്റെ എഫ്. സി. ആർ. എ. അംഗീകാരം നേടിയാണ് ധനസഹായം സ്വീകരിക്കുന്നത്. എസ്. ഡി. സി.-യുടെ ക്യാപ്-ഡെക്ക് പ്രോഗ്രാമിന്റെ ഭാഗമായാണ് ഇത് ലഭിക്കുന്നത്. ഇതിനുപുറമെ വിവിധ പഞ്ചായത്തുകളിൽ പഞ്ചായത്തീരാജ് ശാക്തീകരണത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ എഫ്. സി. ആർ. എ. അംഗീകാരത്തോടെയുള്ള സംഘടനകൾവഴി സഹായം ലഭ്യമാക്കുന്നുണ്ട്.

(4) 2000 മുതൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് എസ്.ഡി.സി. സഹായം നൽകുന്നുണ്ട്. ചെലവു കുറഞ്ഞതും പരിസ്ഥിതിക്കനുയോജ്യവുമായ കെട്ടിട നിർമ്മാണ സാമഗ്രികളുടെ പ്രോജക്ടായിരുന്നു ആദ്യഘട്ടം (ബിൽഡിംഗ് മെറ്റീരിയൽ പ്രോജക്ട്). രണ്ടാം ഘട്ടത്തിൽ ഗ്രാമീണ ഭവന പദ്ധതി (റൂറൽ ഹൗസിംഗ് പ്രോഗ്രാം)യായാണ് പ്രോജക്ട് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പഞ്ചായത്തുകളുമായി ചേർന്ന് സംസ്ഥാന നിർമ്മിതി കേന്ദ്രം ചെലവു കുറഞ്ഞതും പരിസ്ഥിതിയിക്കനുയോജ്യമായതുമായ ഗ്രാമീണ ഭവന രീതി പ്രചരിപ്പിക്കുകയാണ് ലക്ഷ്യം. ഭവന വകുപ്പിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കേരള സർക്കാർ ഉത്തരവിന്റേയും കേന്ദ്ര സർക്കാരിന്റെ എഫ്. സി. ആർ. എ. അംഗീകാരത്തിന്റേയും അടിസ്ഥാനത്തിലാണ് സഹായം ലഭ്യമാകുന്നത്.

(സി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 3.40 കോടി രൂപയും ക്യാപ് ഡെക്കിന് 15 കോടി രൂപയും മുതൽ മുടക്കിയിട്ടുണ്ട്. നോർത്ത് കേരള ക്ഷീര പദ്ധതിക്ക് 8.2 കോടി രൂപ തുകയായും 8.2 കോടി രൂപ സാധനങ്ങളായും നൽകിയിട്ടുണ്ട്. മറ്റു പ്രോജക്ടുകളുടെ കണക്കുകൾ വളരെ കൊല്ലങ്ങൾക്കു മുൻപുള്ളതാകയാൽ വിവരങ്ങൾ കൃത്യമായി ശേഖരിക്കാൻ കഴിയുകയില്ല.

(ഡി) ഒന്നും രണ്ടും പദ്ധതികൾ ക്ഷീര കർഷകർക്കാണ് പ്രയോജനം ചെയ്തത്. ക്യാപ് ഡെക്ക് പരിപാടി പ്രധാനമായും പഞ്ചായത്ത്രാജ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും പഞ്ചായത്തീരാജ് ശാക്തീകരണത്തിനുമാണ്. നിർമ്മിതി കേന്ദ്രത്തിന്റെ പ്രോജക്ട് ഭവനരഹിതരായ ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരെയാണ് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സിറ്റ്സർലാന്റ് സർക്കാരും കേന്ദ്ര സർക്കാരും ചേർന്ന് ഒപ്പിട്ടിട്ടുള്ള ടെക്നിക്കൽ ആന്റ് സയന്റിഫിക് കോ-ഓപ്പറേഷൻ കരാറിന്റെ ഭാഗമായാണ് എസ്.ഡി.സി. കേരളത്തിലും സഹായം നൽകുന്നത്. സിറ്റ്സർലാന്റ് സർക്കാരിന്റെ വിദേശകാര്യ മന്ത്രാലയത്തിന്റെ ഭാഗമായി അന്താരാഷ്ട്ര വികസന സഹകരണത്തിനുള്ള വകുപ്പാണ് എസ്.ഡി.സി. പ്രവർത്തനങ്ങളെപ്പറ്റി അന്വേഷണം നടത്താൻ ഉദ്ദേശ്യമില്ല. പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഹെരിറ്റേജ് വില്ലേജുകൾ

T22 [*169] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

,, സി. പി. മുഹമ്മദ് :

,, ടി. വി. ചന്ദ്രമോഹൻ :

,, ജി. പ്രതാപവർമ്മ തമ്പാൻ :

,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര ഹെരിറ്റേജ് വില്ലേജുകളുണ്ട് ; അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത വില്ലേജുകളെ അവയുടെ ഗതകാല പ്രൗഢിയോടുകൂടി നിലനിർത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) കൂടുതൽ വില്ലേജുകളെ ഹേരിറ്റേജ് വില്ലേജുകളായി അംഗീകരിക്കാനുദ്ദേശമുണ്ടോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) :

(എ) സംസ്ഥാന ആർട്ട് ആന്റ് ഹെരിറ്റേജ് കമ്മീഷൻ ഹെരിറ്റേജ് വില്ലേജുകൾ തരംതിരിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് പൈതൃക പ്രാധാന്യം ഏറെ അർഹിക്കുന്ന തിരുവനന്തപുരം കോട്ട പ്രദേശം, ഫോർട്ടുകൊച്ചി പ്രദേശം എന്നിവയുടെ പൈതൃക സംരക്ഷണം മുൻനിർത്തി പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വാസ്തുകലാപരമായ നിർദ്ദേശങ്ങൾ ആർട്ട് ആന്റ് ഹെരിറ്റേജ് കമ്മീഷൻ നൽകുന്നുണ്ട്. കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 154, 155 എന്നീ ചട്ടങ്ങളിൽ വിഭാവനം ചെയ്തിരുന്ന പ്രസ്തുത കമ്മീഷൻ 19-4-2000-ലെ സ. ഉ. (എം. എസ്.) നമ്പർ 111/2000/തസ്വഭവ. പ്രകാരം നിലവിൽ വന്നിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച ഹെരിറ്റേജ് വില്ലേജ് പ്രോജക്ടുകൾ കമ്മീഷൻ ഇതുവരെ രൂപകല്പന ചെയ്ത് നടപ്പാക്കിയിട്ടില്ല.

(സി) മൂന്നാറിനു സമീപം വട്ടവട പ്രദേശത്ത് ഹെരിറ്റേജ് വില്ലേജ് പദ്ധതി രൂപകൽപ്പന ചെയ്യുന്നതിന് കമ്മീഷൻ നടപടി ആരംഭിച്ചിരുന്നെങ്കിലും കമ്മീഷന്റെ സാമ്പത്തിക പരിമിതികൾ കാരണം വിഷയം തൽക്കാലം മാറ്റി വച്ചിരിക്കുകയാണ്.

"T"—മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly